(ബി) ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്;

(സി) ഈ പദ്ധതി നടപ്പാക്കിയില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് മെച്ചപ്പെടുത്തുന്നതിന് മിക്കവാറും ജില്ലകളിലും ജില്ലാകളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾ നിലവിലുള്ള ആക്ഷൻ പ്ലാൻ പരിഷ്കരിച്ച് വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും യോഗങ്ങൾ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഓഫീസർമാരെത്തന്നെ പങ്കെടുപ്പിക്കുന്നുമുണ്ട്. അതാത് പ്രദേശത്തെ ദുരന്തങ്ങളുടെ ചരിത്രപരമായ വസ്തുതകൾ ശേഖരിച്ചുകൊണ്ട് നാശനഷ്ടങ്ങളുടെ വിവരങ്ങളടങ്ങുന്ന രേഖകളും നിവാരണമാർഗ്ഗങ്ങളും ദുരന്തത്തെ ഫലപ്രദമായി നേരിടുന്നതിന് ജില്ലാതല പ്ളാൻ തയ്യാറാക്കുക എന്നിവ ഈ സമിതികളുടെ ലക്ഷ്യങ്ങളാണ്. ജില്ലകളിലെ എല്ലാ വകുപ്പുതലവൻമാരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കമ്മിറ്റി അത്യാഹിതങ്ങൾ നേരിടുന്നതിനും മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

തിരുവനന്തപുരം നഗരത്തിൽ റോഡുവികസനത്തിന് ഭൂമി

89 [2150] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം, കുഴിവിള, മണ്ണന്തല-കേശവദാസപുരം റോഡുകളുടെ വികസനത്തിനായി എത്ര സെന്റ് സ്ഥലം ഇതേവരെ ഏറ്റെടുത്തുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിന് ഇനി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്ന് അറിയിക്കാമോ;

(സി) ഏറ്റെടുക്കാൻ അവശേഷിക്കുന്ന സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉള്ളൂർ-ആക്കുളം, കുഴിവിള റോഡിനുവേണ്ടി 0.30.47 ഹെക്ടറും മണ്ണന്തല-കേശവദാസപുരം റോഡിനുവേണ്ടി 0.45.30 ഹെക്ടർ സ്ഥലവും ഇതേവരെ ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിനുവേണ്ടി 3.10.54 ഹെക്ടറും മണ്ണന്തല-കേശവദാസപുരം റോഡിനുവേണ്ടി 2.02.26 ഹെക്ടറും സ്ഥലവും ഇനി ഏറ്റെടുക്കേണ്ടതുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

റീസർവ്വേ നടത്തിയ വില്ലേജുകൾ

90 [2151] ശ്രീ. ജോർജ് ജെ. മാത്യു:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. കെ. ബാബു:
" ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റവന്യൂ വില്ലേജുകളുണ്ട്;

(ബി) ഇവയിൽ എത്ര വില്ലേജുകളിൽ റീസർവ്വേ നടത്തിയിട്ടുണ്ട്;

(സി) റീസർവ്വേയിൽ ഉണ്ടായ ന്യൂനതകൾ മുഴുവൻ പരിഹരിക്കപ്പെട്ടുവോ;

(ഡി) സംസ്ഥാനത്ത് ആകെയുള്ള ഭൂമിയുടെ എത്ര ശതമാനമാണ് റീസർവ്വേ ചെയ്തിട്ടുള്ളത്;

(ഇ) റീസർവ്വേ കഴിഞ്ഞ വില്ലേജുകളിൽ ഭൂമിയുടെ പഴയ സർവ്വേ നമ്പരും പുതിയ സർവ്വേ നമ്പരും തമ്മിലുള്ള ബന്ധം കാണിക്കുന്ന കോറിലേഷൻ രജിസ്റ്റർ പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലാത്ത പക്ഷം വില്ലേജ് ഓഫീസിലെ നിലവിലുള്ള രേഖകൾ കംപ്യൂട്ടർവൽക്കരിക്കുമ്പോൾ അടിസ്ഥാനപരമായ തെറ്റുണ്ടാകാനുള്ള സാദ്ധ്യത ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) 1452 റവന്യൂ വില്ലേജുകൾ.

(ബി) 703 വില്ലേജുകളിൽ.

(സി) മുഴുവൻ പരിഹരിക്കപ്പെട്ടിട്ടില്ല.

(ഡി) 62 ശതമാനത്തോളം റീസർവ്വേ ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly